വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കുഞ്ഞൻ) : സർ, പാലക്കാട്ട് താലൂക്കിൽ കാഞ്ഞിരാണ്ടി പഞ്ചായത്തിൽ കട്ടംതിരുത്തി എന്ന സ്ഥലത്തുണ്ടായ സംഭവത്തെക്കുറിച്ചുള്ള വിവരം ഗവണ്മെൻറിലേക്ക് ലഭിച്ച ഉടനെ തന്നെ ആവശ്യമായ പോലീസിനെ സ്ഥലത്തു് അയച്ചിട്ടുണ്ടു്. അവിടെ ആവശ്യമായ സമാധാന നടപടികളും ഇപ്പോഴുതന്നെ സ്വീകരിച്ചിട്ടുണ്ടു്. ഇപ്പോൾ അവിടെ സാധാരണ നില മാത്രമേയുള്ളൂ. അടിയന്തിരാവസ്ഥ ഒന്നുംതന്നെയില്ല. അതുപോലെതന്നെ പാലക്കാട്ട് ടൗണിലും സാധാരണ നില എത്തിയിട്ടുണ്ടെന്നു റിപ്പോർട്ട് കിട്ടിയിട്ടുണ്ടു്. ഇപ്പോഴെയെല്ലാം തന്നെ യാതൊരു വിധത്തിലുള്ള അടിയന്തിര പരിതഃസ്ഥിതിയുമില്ലെന്നു് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണു്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ ഈ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

(ii) Strike by the Labourers of the Sankar's Paints and Oils, Shertallai.

മി. സ്പീക്കർ : ചേർത്തലയിലെ ശങ്കർ പെയിൻറ്സ് ആൻഡ് ഓയിൽ കമ്പനി മാനേജ്മെൻറിനെതിരെ തൊഴിലാളികൾ നടത്തിവരുന്ന പ്രത്യക്ഷ സമര പരിപാടികൾ മൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം ചർച്ചചെയ്യുന്നതിനു് ശ്രീ. കുമാരപിള്ള ഒരു അടിയന്തിര പ്രമേയത്തിനു് നോട്ടീസു് നൽകിയിട്ടുണ്ടു്.

തൊഴിൽമന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ) : നാളെ അതിനുള്ള വിശദീകരണം നൽകാവുന്നതാണു്.

IV. CALLING ATTENTION UNDER RULE 61

Lay off in the Lekshmi Mills, Trichur

മി. സ്പീക്കർ : തൃശ്ശൂർ ലക്ഷ്മി മിൽസ് ലേ ഓഫ് ചെയ്യാൻ മാനേജ്മെൻറ് നിശ്ചയിച്ചതിനെത്തുടർന്നു മുന്നൂറിൽ പരം തൊഴിലാളി കുടുംബങ്ങൾക്കു് നേരിടേണ്ടി വന്നിരിക്കുന്ന വിഷമതകളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ശ്രീ കെ. കരുണാകരൻ റൂം 61 അനുസരിച്ചു് ഒരു നോട്ടീസും നൽകിയിട്ടുണ്ടു്. ശ്രീ. കെ. കരുണാകരനു് അതേപ്പറ്റി സംസാരിക്കാം.

ശ്രീ. കെ കരുണാകരൻ: സർ, തൃശ്ശൂരിലെ ലക്ഷ്മി മിൽസിൽ കഴിഞ്ഞ രണ്ടു മൂന്നു മാസമായിട്ടു് ജോലി ഇല്ലായ്മ നിലനിൽക്കുകയാണു്. അതിനുള്ള കാരണം ജൂൺ മാസം 14-ാം തീയതി അവിടെയുള്ള കുറെ തൊഴിലാളികളെ പിരിച്ചുവിട്ടതാണു്. തൊഴിലാളികളെ പിരിച്ചുവിട്ടതിനെത്തുടർന്നു മാറുള്ള തൊഴിലാളികളും പണിമുടക്കു് ആരംഭിച്ചു. ആ പണിമുടക്കു് പിൻവലിച്ചതിനുശേഷം അവിടെ ജോലിക്കു ചെന്ന തൊഴിലാളികളെ പത്തു് പന്ത്രണ്ടോളം ആളുകളും ചേർന്നു് ബലം പ്രയോഗിച്ചു തടയുകയുണ്ടായി. അതുകൊണ്ടു് ജോലിക്കു് പോകാൻ തയാറായി ചെന്ന ആളുകൾക്കു് മില്ലിനകത്തു് പ്രവേശിക്കാൻ സാധിച്ചില്ല. അതിനുശേഷം ആ തൊഴിലാളികളും ഒരു ജാഥയായി പോയി അവിടത്തെ കളക്ടറെ കാണുകയും, അവർക്കു് ജോലിക്കു പോകാനുള്ള മാർഗ്ഗതടസ്സം ഒഴിവാക്കി കൊടുക്കണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. അവർ ഇക്കാര്യം തൊഴിൽ മന്ത്രിയേയും അറിയിച്ചിട്ടുണ്ടു്. പക്ഷേ ഇതുവരെയായിട്ടും അതിലൊരു തീരുമാനം ഉണ്ടായിട്ടില്ലെന്നുള്ളതാണു് സത്യം. ഒരുപക്ഷം അടക്കാൻ പോകുന്ന ഈ സന്ദർഭത്തിലെങ്കിലും അതിനൊരു പരിഹാരം കാണേണ്ടതാണു്. അവിടെ പണിയെടുക്കുന്ന മുന്നൂറോളം കുടുംബങ്ങൾ കഴിഞ്ഞ രണ്ടു മൂന്നു് മാസമായിട്ടു പട്ടിണിയിൽ കഴിയുകയാണു്. ഇങ്ങനെ പട്ടിണി തുടർന്നാൽ എന്തു് സംഭവിക്കുമെന്നു് അറിഞ്ഞുകൂടാ. ഒരു ന്യൂനപക്ഷം ആളുകൾ ആവശ്യപ്പെടുന്ന കാര്യങ്ങൾ നേടുന്നതിനുവേണ്ടി മുന്നൂറോളം കുടുംബങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly